# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 580
(10.03.2015 ലെ മറുപടിക്ക്)

**ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം**

**ചോദ്യം** | **ഉത്തരം**

**ശ്രീ. ജി. എസ്. ജയലാൽ** | **ശ്രീ. കെ. എം. മാണി**
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഈ ഗവൺമെന്റ് വന്നതിനു ശേഷം പുതിയ ട്രഷറി കെട്ടിടനിർമ്മാണങ്ങൾ ആരംഭിച്ച് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ ജില്ലയിലെ ഏതൊക്കെ ട്രഷറി കെട്ടിടങ്ങളാണെന്ന് അറിയിക്കാമോ; | കോട്ടയം ജില്ല — ജില്ലാ ട്രഷറി പാലാ<br>തിരുവനന്തപുരം ജില്ല — പെൻഷൻ പേയ് മെന്റ് സബ്ട്രഷറി, തിരുവനന്തപുരം<br>തൃശ്ശൂർ ജില്ല — സബ്ട്രഷറി മാള<br>എറണാകുളം ജില്ല — സബ്ട്രഷറി നായരമ്പലം<br>കോഴിക്കോട് ജില്ല — സബ്ട്രഷറി തൊട്ടിൽപ്പാലം<br>എന്നീ ട്രഷറികൾക്കായി പുതുതായി പണിത കെട്ടിടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ പ്രവർത്തിക്കുന്ന സബ്ട്രഷറി കെട്ടിടം മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ഭൂമി സൗജന്യമായി ലഭിച്ചിരുന്നുവോ; എങ്കിൽ എത്ര സെന്റ് ഭൂമി എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | സർക്കാർ ഉത്തരവ് (എം.എസ്) നം. 430/2011 റവന്യൂ തീയതി 24.11.2011 പ്രകാരം 04.05 ആർസ് ഭൂമി റവന്യൂ വകുപ്പിൽ നിന്നും കൈമാറിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ; ഇല്ലായെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ഇല്ല. ചാത്തന്നൂർ സബ്ട്രഷറി ഉൾപ്പെടെ 22 പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള ട്രഷറി വകുപ്പിന്റെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | NH റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചാത്തന്നൂരിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സബ്ട്രഷറി കെട്ടിടം പൊളിച്ച് മാറ്റേണ്ട സ്ഥിതിവിശേഷം ഉണ്ടെന്നകാര്യം പരിഗണിച്ച് പുതിയ കെട്ടിടം നിർമ്മിക്കുവാൻ സന്നദ്ധമാകുമോ? | ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രസ്തുത പ്രവൃത്തികൾ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- കൊല്ലം ജില്ല- കൊല്ലം താലൂക്ക്-മീനാട് വില്ലേജ്- ബ്ലോക്ക് നമ്പർ 30-ൽ റീസർവ്വെ 158/2-ൽ പ്പെട്ട 4.05 ആർ ഭൂമി ചാത്തന്നൂർ സബ് ട്രഷറി ഓഫീസ് നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം നിബന്ധനകൾക്ക് വിധേയമായി ട്രഷറി വകുപ്പിന് കൈമാറാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (യു) വകുപ്പ്

ജി.ഒ. (എം.എസ്) നം. 430 /2011/റവന്യൂ തിരുവനന്തപുരം, തീയതി : 24..11.2011

പരാമർശം :-ലാന്റ് റവന്യൂ കമ്മീഷണറുടെ 6.4.2010-ലെ എൽ.ആർ.കെ2-15195/10 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30-ൽ റീസർവ്വെ 158/2-ൽ പ്പെട്ട 4.05 ആർ ഭൂമി ചാത്തന്നൂർ സബ് ട്രഷറി ഓഫീസ് നിർമ്മാണത്തിനായി ട്രഷറി വകുപ്പിന് കൈമാറി നൽകുന്നതിനുള്ള ഭൂമി കൈമാറ്റ നിർദ്ദേശം കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ളതായും, പ്രസ്തുത ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി കൈമാറി കിട്ടിയ 40.47 ആർ ഭൂമി ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയാണെന്നും 14,95,000/- രൂപ കമ്പോളവിലയുള്ള പ്രസ്തുത ഭൂമി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ട്രഷറി വകുപ്പിന് കൈമാറി നൽകാവുന്നതാണെന്നും പരാമർശ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് നമ്പർ 30-ലെ റീസർവ്വെ 158/2-ൽ പ്പെട്ടതും 14,95,000/- രൂപ കമ്പോളവിലയുള്ളതുമായ 4.05 ആർ റവന്യൂ ഭൂമി ചാത്തന്നൂർ സബ് ട്രഷറി ഓഫീസ് നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരവും താഴെപ്പറയുന്ന നിബന്ധകൾക്ക് വിധേയമായും ട്രഷറി വകുപ്പിന് കൈമാറുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

1) പ്രസ്തുത ഭൂമി ചാത്തന്നൂർ സബ് ട്രഷറി ഓഫീസ് നിർമ്മാണത്തിനുവേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ ;
2) സർക്കാർ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് ;

3) പ്രസ്തുത ഭൂമി ഉപപാട്ടത്തിന് നൽകുവാനോ, വാടകയ്ക്ക് നൽകുവാനോ, ദുരുപയോഗം ചെയ്യുവാനോ അന്യാധീനപ്പെടുത്താനോ ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ പാടില്ല ;

4) പ്രസ്തുത ഭൂമി അനധികൃത കൈയ്യേറ്റങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ട ചുമതല ട്രഷറി വകുപ്പിൽ നിക്ഷിപ്തമാണ് ;

5) പ്രസ്തുത ഭൂമിയിൽ നിന്നും മരങ്ങൾ ഏതെങ്കിലും കാരണവശാൽ മുറിക്കേണ്ടിവരുന്ന പക്ഷം അത് ബന്ധപ്പെട്ട റവന്യു അധികാരികളുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ പാടുള്ളു ; പകരം വൃക്ഷതൈകൾ നട്ട് പരിപാലിക്കേണ്ടതാണ് ;

6) വ്യവസ്ഥകൾ ഏതെങ്കിലും ലംഘിച്ചാൽ ഭൂമി തിരികെ റവന്യു വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്.

3) കൊല്ലം ജില്ലാ കളക്ടർ ഇത് സംബന്ധിച്ച അനന്തര നടപടികൾ സ്വീകരിച്ച് യഥാസമയം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

റ്റി. വി. വിജയകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

1) ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
2) ജില്ലാ കളക്ടർ, കൊല്ലം
3) ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം
4) അസിസ്റ്റന്റ് കമ്മീഷണർ, (എൽ.എ) & സ്പെഷ്യൽ ഓഫീസർ, ലാന്റ് ബാങ്ക്, ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.
5) ധനകാര്യ വകുപ്പ് (32887/എസ്റ്റാ. സി3/10/ധന. തീയതി : 28.102011 പ്രകാരം)
6) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം.
7) സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ